ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതി

20 (*710) ശ്രീ. എം. എ. ബേബി:
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതി(റാവെ)യുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം സാധാരണ കർഷകരിൽ എത്തിക്കുന്നതിനു പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമൂലം സാധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കേരള കാർഷിക സർവ്വകലാശാലയിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികളാണ് ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതിയിൽ പങ്കെടുക്കുന്നത്. ഓരോ വർഷവും ഈ പരിപാടി സംഘടിപ്പിച്ചുകഴിഞ്ഞ് ഈ പരിപാടിയുടെ ഫലപ്രാപ്തിയെ സംബന്ധിച്ച് കോളേജ്തല അവലോകനം നടത്താറുണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, റാവെ പരിപാടിയിൽ പങ്കെടുത്ത കർഷകർ എന്നിവരുടെ സംയുക്ത യോഗം സംഘടിപ്പിക്കുന്നുണ്ട്. ഈ യോഗത്തിൽ റാവെ പരിപാടിയുടെ സമഗ്ര റിപ്പോർട്ട് അവതരിപ്പിക്കാറുണ്ട്. മാത്രമല്ല റാവെ പരിപാടിയുടെ ഭാഗമായി നടത്തുന്ന ഓരോ ഷെഡ്യൂളിനെക്കുറിച്ചും അതാത് മൊഡ്യൂളുകൾ അവസാനിക്കുന്ന മുറയ്ക്ക് വിലയിരുത്തൽ നടത്താറുണ്ട്. വിദ്യാർത്ഥികളുടെയും മൊഡ്യൂൾ നിയന്ത്രിച്ച അദ്ധ്യാപകരുടെയും നിർദ്ദിഷ്ട മൊഡ്യൂളുകളിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെയും കർഷകരുടെയും അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും പരിപാടിയുടെ പിന്നീടുള്ള നടത്തിപ്പിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യാറുണ്ട്.

(ബി) റാവെ പരിപാടിയുടെ ഭാഗമായി നടക്കുന്ന മൊഡ്യൂളുകളിൽ ഭൂരിഭാഗവും കർഷകരുമായി വിദ്യാർത്ഥികൾ നേരിട്ട് സംവദിക്കുന്നവയാണ്. ആ മൊഡ്യൂളുകളിലെല്ലാംതന്നെ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിലും അവരുടെ നിർദ്ദേശാനുസരണവുമാണ് വിദ്യാർത്ഥികൾ കർഷകരുമായി ബന്ധപ്പെടുന്നത്. കർഷകർക്കായി വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾ, ഗ്രൂപ്പ് ചർച്ചകൾ, ശില്പശാലകൾ എന്നിവ നടത്താറുണ്ട്. റാവെയുടെ ഏറ്റവും അവസാനത്തെ മൊഡ്യൂളായ ഗ്രാമവാസ പരിപാടിയിൽ ഏതാണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് ആഴ്ചയിലധികം വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമത്തിൽ താമസിക്കുകയും അവിടത്തെ കാർഷിക വ്യവസ്ഥകളെപ്പറ്റി ശാസ്ത്രീയമായ പഠനം നടത്തുകയും ചെയ്യുന്നതിനോടൊപ്പം ഓരോ പ്രദേശത്തിന്റെയും കാലാവസ്ഥാ പ്രകൃതി വിഭവ ലഭ്യതയ്ക്കനുസരിച്ച് ഗവേഷണ പ്രോജക്ടുകൾ തയ്യാറാക്കുകയും സാമ്പത്തിക സർവ്വേകൾ നടത്തുകയും പ്രസ്തുത റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന ഏജൻസികൾക്കും സമർപ്പിക്കുകയും ചെയ്യാറുണ്ട്. തുടർന്ന് സർവ്വകലാശാലയിലെ വിജ്ഞാന വ്യാപന വിഭാഗം മേൽപ്പറഞ്ഞ പദ്ധതിയുടെ ഏകോപനവും നിരീക്ഷണവും വിലയിരുത്തലും നടത്താറുണ്ട്. പരിശീലന ക്ലാസ്സുകൾ, ഡെമോൺസ്ട്രേഷനുകൾ, കാർഷിക പ്രദർശനങ്ങൾ, സർവ്വേകൾ എന്നിവ വിപുലമായി സംഘടിപ്പിക്കാറുണ്ട്. ഓരോ റാവെയിലും ശരാശരി 2000-2500 കർഷകരെ വിവിധ പരിപാടികളിലായി വിദ്യാർത്ഥികളും അദ്ധ്യാപകരും ബന്ധപ്പെടാറുണ്ട്.

(സി) ഓരോ വർഷവും റാവെ പരിപാടി കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളെയും കർഷക പ്രതിനിധികളെയും ഉൾപ്പെടുത്തി നടത്തുന്ന അവലോകന യോഗങ്ങളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് വരുംവർഷങ്ങളിലെ പദ്ധതി നടത്തിപ്പ് പരിഷ്കരിക്കാറുണ്ട്.

ഇതിന്റെ ഭാഗമായി ഓരോ മൊഡ്യൂളും നടത്തേണ്ട രീതി, ഓരോ മൊഡ്യൂളും വിലയിരുത്തേണ്ട രീതി, ഓരോ മൊഡ്യൂളിൽനിന്നും വിദ്യാർത്ഥി ആർജ്ജിക്കേണ്ട നൈപുണ്യവും വിജ്ഞാനവും എന്തായിരിക്കണമെന്നത് എന്നിവ വിശദമായി പ്രതിപാദിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഓരോ തവണയും റാവെ നടത്തുന്നതിനുമുമ്പ് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചുകൂട്ടി വിശദമായ ഷെഡ്യൂൾ തയ്യാറാക്കാനും കൂടുതൽ മെച്ചപ്പെട്ട സ്ഥാപനങ്ങൾ കണ്ടെത്തി വിദ്യാർത്ഥികളെ ചേർക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതുവഴി സർവ്വകലാശാലയുടെ പ്രവർത്തനം സാധാരണ കർഷകരിൽ കൂടുതലായി എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ മൂല്യവർദ്ധന പ്രോജക്ടുകൾ

21 (*711) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ മൂല്യവർദ്ധിത പ്രോജക്ടുകൾ നടപ്പാക്കിത്തുടങ്ങിയോ ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പ്രോജക്ടുകളിലൂടെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly